കാഷ്യൂ ബോർഡ്

84(2336) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കേന്ദ്രമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുവാനുള്ള നടപടി എന്തായി എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് കാഷ്യൂ ബോർഡ് രൂപീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം ആസ്ഥാനമായി കേരള സർക്കാർ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് 6-10-2007-നും 3-10-2008-നും അന്നത്തെ കേന്ദ്ര വ്യവസായ/വാണിജ്യ വകുപ്പുമന്ത്രി ശ്രീ. കമൽനാഥിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 10-12-2007-ൽ കേന്ദ്രപ്രതിരോധമന്ത്രി ശ്രീ എ. കെ. ആന്റണിക്കും 28-10-2008-ൽ പ്രവാസികാര്യമന്ത്രി ശ്രീ. വയലാർ രവിക്കും തൊഴിൽ വകുപ്പുമന്ത്രിയും 16-12-2008-ൽ പ്രധാന മന്ത്രിക്ക് മുഖ്യമന്ത്രിയും കത്തെഴുതിയിട്ടുള്ളതാണ്. കൂടാതെ 29-6-2009-ൽ വാണിജ്യ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ആനന്ദശർമ്മക്ക് തൊഴിൽ വകുപ്പുമന്ത്രി വിശദമായ കത്തെഴുതിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് 4-3-2008-ൽ മറുപടി ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ. കെ. ആന്റണി 2-6-2008-ന് കേന്ദ്ര വാണിജ്യ മന്ത്രിക്ക് കത്തു നൽകുകയുണ്ടായി. ഇതു സംബന്ധിച്ച ബിൽ പാർലമെന്റിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നതായി 4-7-2008-ലെ കത്തു മുഖാന്തരം കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പുമന്ത്രി കേന്ദ്ര പ്രതിരോധ മന്ത്രിയെ അറിയിക്കുകയുണ്ടായി. പ്രൊപ്പോസൽ കേന്ദ്ര എക്സ്പെന്റീച്ചർ വകുപ്പിന്റേയും കാർഷിക വകുപ്പിന്റേയും അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്നും 23-12-2008-ലെ കത്ത് മുഖാന്തരം കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) എല്ലാ വകുപ്പുകളുടേയും അഭിപ്രായ ഐക്യവും അംഗീകാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളുവെന്ന് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി 23-7-2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ എന്നത്തേക്ക് കാഷ്യൂ ബോർഡ് രൂപീകരിക്കാൻ കഴിയുമെന്ന് നിലവിലെ സാഹചര്യത്തിൽ പറയാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly